# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 649 — 12.07.2012-ൽ മറുപടിയ്ക്ക്

<u>ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, വി.ഡി. സതീശൻ<br>,, പി.സി. വിഷ്ണുനാഥ്<br>,, വി.റ്റി. ബൽറാം | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ചെറുവനങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് പദ്ധതി യിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) | വനദീപ്തി എന്നപേരിൽ സ്വാഭാവിക വനം വച്ച് പിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തുടങ്ങി യിട്ടുണ്ട്. പുനലൂർ ഡിവിഷനിൽ പത്തനാപുരം റെയ്ഞ്ചിൽ പത്തുപറ എന്ന സ്ഥലത്ത് 5.7 ഹെക്ടറിൽ അക്കേഷ്യ നടുന്നതിനു പകരം തദ്ദേശീയമായ മരങ്ങൾ വച്ച് സ്വാഭാവിക വനം പുനർജനിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു. |
| ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യ ങ്ങൾ എന്തെല്ലാം; | ബി) | തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, അതു വഴി ടി പ്രദേശത്തെ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്- ജല സംരക്ഷണ പ്രക്രിയക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശ വാസികൾക്ക് വനത്തെ നേരിട്ടറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരങ്ങൾ ഒരുക്കുക, ഭാവിയിൽ ഒരു ഇക്കോ ടൂറിസം സെന്ററാക്കി ഉയർത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്? | സി) | വനം വകുപ്പിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ